(ബി) 2003-2004 വർഷം വരെ നെല്ല് സംഭരണമായി ബന്ധപ്പെട്ട് ഹാർഡ്‌ലിംഗ് ചാർജ്ജ്, സബ്സിഡി എന്നീ ഇനങ്ങളിലായി 1352.27 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു. 2004-05-ൽ വിരിപ്പുകാലത്തെ നെല്ല് സംഭരണത്തിനായി 421.32 ലക്ഷം രൂപ ആവശ്യമായി വന്നു. അപ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശികയും നടപ്പു വർഷത്തെ ഹാർഡ്‌ലിംഗ് ചാർജ്ജും ഉൾപ്പെടെ 1773.59 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു. ഇതു വരെ 1170 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം നൽകിയത് കിഴിച്ച് 603 ലക്ഷം രൂപ ഇപ്പോൾ കുടിശ്ശികയായി നൽകാനുണ്ട്.

(സി) ജില്ലാതല കമ്മിറ്റികളാണ് കാലാകാലങ്ങളിൽ സംഭരണവില നിശ്ചയിക്കുന്നത്. ഉൽപ്പാദന ചെലവ് നെല്ലിന്റെ മാർക്കറ്റ് വില എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും സംഭരണവില നിശ്ചയിക്കുന്നത്.

(ഡി) ഓരോ ജില്ലയിലേയും സംഭരണവില താഴെ കൊടുക്കുന്നു.

| ജില്ല | വിരിപ്പു | | മുണ്ടകൻ/പുഞ്ച | |
|---|---|---|---|---|
| | ചുവപ്പ് | വെള്ള | ചുവപ്പ് | വെള്ള |
| തൃശ്ശൂർ | 760 | 720 | 720 | 700 |
| പാലക്കാട് | 830 | 750 | 750 | 700 |
| കോട്ടയം | 765 | .. | 740 | .. |
| പത്തനംതിട്ട | 750 | .. | തീരുമാനിച്ചിട്ടില്ല | .. |
| ആലപ്പുഴ | .. | .. | 750 | .. |

(ഇ) നെല്ലു സംഭരണവുമായി ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റികളിൽ കർഷക പ്രതിനിധികൾ ഉണ്ടായിരുന്നില്ല. ആയതിനാൽ കർഷക പ്രതിനിധികളെ പ്രസ്തുത കമ്മിറ്റിയിൽ നിന്നും ഒഴിവാക്കി എന്നുള്ളത് ശരിയല്ല. എന്നാൽ ജില്ലാതല കമ്മിറ്റികൾ സംഭരണവില നിശ്ചയിക്കുന്നതിനു മുൻപായി കർഷക പ്രതിനിധികൾ, സംഭരണ ഏജൻസികളുടെ പ്രതിനിധികൾ എന്നിവരുമായി ജില്ലാ കൃഷി ഓഫീസർ ചർച്ച ചെയ്ത ശേഷമാണ് സംഭരണവില നിശ്ചയിക്കുന്നത്.

വിദേശ സഹായ പദ്ധതികൾ

18 [*222] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷക നൻമയ്ക്കായി ഏതെങ്കിലും പദ്ധതികൾ വിദേശ സഹായത്തോടെ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതുകൊണ്ട് എത്ര ശതമാനം കർഷകർക്ക് പ്രയോജനം ലഭിക്കും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) വിദേശസഹായത്തോടെ പുതിയ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്ന നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെൽക്കൃഷി വികസനത്തിനായി നടപടി

19 [*223] ശ്രീ. ടി. പി. രാമകൃഷ്ണൻ :

ഡോ. തോമസ് ഐസക് :

ശ്രീ. എ. സി. മൊയ്തീൻ :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തരിശ് കിടന്ന എത്ര ഏക്കർ സ്ഥലത്താണ് സർക്കാർ പുതുതായി നെൽക്കൃഷി നടത്തിയിട്ടുള്ളത് ;

(ഡി) നെൽക്കൃഷി നടത്തിയിരുന്ന എത്ര ഏക്കർ സ്ഥലമാണ് ഇപ്പോൾ തരിശായി കിടക്കുന്നത്;

(ഇ) നെൽക്കൃഷി നടത്തുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ & ബി) (1) സംസ്ഥാനാവിഷ്കൃത നെൽക്കൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 600 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

(2) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(3) നെൽക്കൃഷി വികസന ഏജൻസികൾ വഴി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(4) കർഷകർക്ക് ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിന് വിത്ത് വികസന അതോറിറ്റിക്ക് 27 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(5) വിത്തു പരിശോധനാ ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly